**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 268** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ. പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായം കാലാനുസൃതമായ പരിഷ്കരണത്തിനും പുനഃസംഘടനയ്ക്കും വിധേയമാക്കണമെന്ന വസ്തുത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **(എ) യും (ബി)യും** സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായം കാലാനുസൃതമായ പരിഷ്ക്കരണത്തിനും പുനഃസംഘടനയ്ക്കും വിധേയമാക്കണമെന്ന വസ്തുത വിശകലന വിധേയമാക്കിയിട്ടുള്ളതും ആയതിനനുസൃതമായ മാറ്റങ്ങൾ നടപ്പിലാക്കിയിട്ടുള്ളതുമാണ്.<br><br>Industry-Academia-Government conclave- Udyama 1.0 എന്ന കോൺക്ലേവ് 2024 ഡിസംബർ 7 മുതൽ ഡിസംബർ 10 വരെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 11 പ്രധാന സൂചനകളുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനായുള്ള "ഡ്രാഫ്റ്റ് വിഷൻ" ഡോക്യുമെന്റ് സർക്കാർ പുറത്തിറക്കി.<br><br>2024-25 അക്കാഡമിക് വർഷം ബി.ടെക്, ബി.എച്ച്.എം.സി.ടി, ബി.ഡെസ് പ്രോഗ്രാമുകളുടെ പദ്ധതിയും സിലബസും പരിഷ്ക്കരിച്ചു. കൂടാതെ ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്ക്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തി യിട്ടുള്ളതാണ്. കേരളത്തിലെ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികസനത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കൂളുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാങ്കേതിക ഉന്നത വിദ്യാഭ്യാസ മേഖല സംസ്ഥാന സർക്കാർ പ്രത്യേകമായി വിഭാവനം ചെയ്ത രീതിയിൽ മാറ്റിയെടുക്കുന്നതിനായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കണ്ണൂർ, ഗവൺമെന്റ് മോഡൽ എഞ്ചിനീയറിംഗ് കോളേജ് തൃക്കാക്കര, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോട്ടയം എന്നിവിടങ്ങളിലായി മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ് ടെക്നോളജി, ബിസിനസ് ഇൻകുബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>നൂതന തൊഴിൽ നൈപുണ്യ സാധ്യതകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള Bachelor of Vocational Studies പ്രോഗ്രാം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേന്ദ്രസർക്കാരിന്റെ കീഴിൽ വരുന്ന ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ആണ് ഐ.ടി.ഐകളിലെ സിലബസ് കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നത്. ഐ.ടി.ഐകളിലെനിലവിലെ കോഴ്സുകളുടെ സിലബസും പഠന സമ്പ്രദായവും സമൂലമായ പുന:സംഘടനയ്ക്ക് വിധേയമാക്കാൻ ഡിജി.റ്റിയുടെ നിർദ്ദേശ പ്രകാരം മാത്രമേ സാധിക്കുകയുള്ളൂ. New generation ട്രേഡുകൾ DGT ആവിഷ്കരിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇൻഡസ്ട്രിയൽ റോബോട്ടിക്സ് ആന്റ് ഡിജിറ്റൽ മാനുഫാക്ചറിംഗ് ടെക്നീഷ്യൻ, അഡിറ്റീവ് മാനുഫാക്ചറിംഗ് ടെക്നീഷ്യൻ, മൾട്ടീ മീഡിയ ആനിമേഷൻ ആന്റ് സ്പെഷ്യൻ ഇഫക്ട്, ഇൻഫർമേഷൻ ടെക്നോളജി, മറൈൻ ഫിറ്റർ തുടങ്ങിയ ആധുനിക കാലഘട്ടത്തിനനുസൃതമായ സി ടി എസ് കോഴ്സുകൾ കേരളത്തിലെ വിവിധ ITI കളിൽ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട് |
| (ബി) | ഐ.ടി.ഐ.കളിലെ നിലവിലെ കോഴ്സുകളും പഠന സമ്പ്രദായവും സമൂലമായ പുനഃസംഘടനയ്ക്ക് വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **(എ) യും (ബി)യും** സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായം കാലാനുസൃതമായ പരിഷ്ക്കരണത്തിനും പുനഃസംഘടനയ്ക്കും വിധേയമാക്കണമെന്ന വസ്തുത വിശകലന വിധേയമാക്കിയിട്ടുള്ളതും ആയതിനനുസൃതമായ മാറ്റങ്ങൾ നടപ്പിലാക്കിയിട്ടുള്ളതുമാണ്.<br><br>Industry-Academia-Government conclave-Udyama 1.0 എന്ന കോൺക്ലേവ് 2024 ഡിസംബർ 7 മുതൽ ഡിസംബർ 10 വരെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 11 പ്രധാന സൂചനകളുള്ള |

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനായുള്ള "ഡ്രാഫ്റ്റ് വിഷൻ" ഡോക്യുമെന്റ് സർക്കാർ പുറത്തിറക്കി.

2024-25 അക്കാഡമിക് വർഷം ബി.ടെക്, ബി.എച്ച്.എം.സി.ടി, ബി.ഡെസ് പ്രോഗ്രാമുകളുടെ പദ്ധതിയും സിലബസും പരിഷ്ക്കരിച്ചു. കൂടാതെ ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്ക്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തി യിട്ടുള്ളതാണ്. കേരളത്തിലെ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികസനത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കൂളുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

സാങ്കേതിക ഉന്നത വിദ്യാഭ്യാസ മേഖല സംസ്ഥാന സർക്കാർ പ്രത്യേകമായി വിഭാവനം ചെയ്ത രീതിയിൽ മാറ്റിയെടുക്കുന്നതിനായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കണ്ണൂർ, ഗവൺമെന്റ് മോഡൽ എഞ്ചിനീയറിംഗ് കോളേജ് തൃക്കാക്കര, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോട്ടയം എന്നിവിടങ്ങളിലായി മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ് ടെക്നോളജി, ബിസിനസ് ഇൻക്യുബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

നൂതന തൊഴിൽ നൈപുണ്യ സാധ്യതകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള Bachelor of Vocational Studies പ്രോഗ്രാം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്രസർക്കാരിന്റെ കീഴിൽ വരുന്ന ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ആണ് ഐ.ടി.ഐകളിലെ സിലബസ് കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നത്. ഐ.ടി.ഐകളിലെനിലവിലെ കോഴ്സുകളുടെ സിലബസും പഠന സമ്പ്രദായവും സമൂലമായ പുന:സംഘടനയ്ക്ക് വിധേയമാക്കാൻ ഡിജി.റ്റിയുടെ നിർദ്ദേശ പ്രകാരം മാത്രമേ സാധിക്കുകയുള്ളൂ. New generation ട്രേഡുകൾ DGT ആവിഷ്കരിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇൻഡസ്ട്രിയൽ റോബോട്ടിക്സ് ആന്റ് ഡിജിറ്റൽ മാനുഫാക്ചറിംഗ് ടെക്നീഷ്യൻ, അഡിറ്റീവ് മാനുഫാക്ചറിംഗ് ടെക്നീഷ്യൻ, മൾട്ടീ മീഡിയ ആനിമേഷൻ ആന്റ് സ്പെഷ്യൻ ഇഫക്റ്റ്,

| | | | |
|---|---|---|---|
| | | | ഇൻഫർമേഷൻ ടെക്നോളജി, മറൈൻ ഫിറ്റർ തുടങ്ങിയ ആധുനിക കാലഘട്ടത്തിനനുസൃതമായ സി ടി എസ് കോഴ്സുകൾ കേരളത്തിലെ വിവിധ ITI കളിൽ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട് |
| (സി) | കാലഹരണപ്പെട്ട ഐ.ടി.ഐ. കോഴ്സുകൾ ഘട്ടംഘട്ടമായി നിർത്തലാക്കുന്നതിനും കാലാനുസൃതമായി ഏറെ പ്രസക്തിയുള്ള നൈപുണ്യ പരിശീലന പദ്ധതികൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | **(സി)** ഉണ്ട്, കാലഹരണപ്പെട്ട ഐ.ടി.ഐ കോഴ്സുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനും പകരം കാലാനുസൃതമായ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ട്രെയിനിംഗ് ഡയറക്ടർ ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |
| (ഡി) | ആയാസകരമായ തൊഴിൽ പരിശീലന കോഴ്സുകളിലേക്കുൾപ്പെടെ പെൺകുട്ടികൾ പ്രവേശനം നേടുന്ന സാഹചര്യത്തിൽ ഐ.ടി.ഐ. പഠനം സ്ത്രീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | **(ഡി)** ആയാസകരമായ തൊഴിൽ പരിശീലന കോഴ്സുകളിൽ പെൺകുട്ടികൾ പ്രവേശനം നേടുന്ന സാഹചര്യം സംസ്ഥാനത്ത് സംജാതമാകുന്നുണ്ട്. ഈ വിഷയം കൂടി കണക്കിലെടുത്ത് വനിത ഐ.ടി.ഐകളിൽ പരിശീലനം നേടുന്ന ട്രെയിനികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. മറ്റുള്ള ഐ.ടി.ഐകളിൽ പരിശീലനം നേടുന്ന വനിത ട്രെയിനികൾക്ക് ഉൾപ്പെടെ പോഷകാഹാരം നൽകുന്നുണ്ട്. കൂടാതെ വനിത ട്രെയിനികൾക്ക് ആർത്തവ അവധി അനുവദിച്ചിട്ടുണ്ട്. പെൺകുട്ടികൾക്കായി ഐ.ടി.ഐ കളിൽ അമിനിറ്റി സെന്റർ സ്ഥാപിച്ചിട്ടുണ്ട്. കൗൺസിലിംഗ്, കരിയർ കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും, പ്ലേസ്മെന്റ് സെൽ മുഖാന്തിരം തൊഴിൽ ലഭ്യമാകാനുതകുന്ന നടപടികളും സ്വീകരിച്ചു വരുന്നു. പെൺകുട്ടികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഇന്റേണൽ കംപ്ലയിന്റ് കമ്മറ്റികളും (ICC) കൂടാതെ POSH Act പ്രകാരം ഉള്ള കമ്മിറ്റികളും പ്രവർത്തിച്ചു വരുന്നു. |
| (ഇ) | നൈപുണ്യപരിശീലനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിന് കഴിയും വിധം ഐ.ടി.ഐ. ക്ലാസുകളുടെ സമയം ക്രമപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) | **(ഇ)** നൈപുണ്യ പരിശീലനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിന് കഴിയും വിധം ക്ലാസുകളുടെ സമയക്രമീകരണം നടത്തണമെങ്കിൽ ഡി.ജി.റ്റിയുടെ നിർദ്ദേശം ലഭ്യമാകേണ്ടതുണ്ട്. എന്നിരു ന്നാലും ഐ.ടി.ഐകളിലെ ട്രെയിനി കൾക്ക് എല്ലാ ശനിയാഴ്ചയും സംസ്ഥാന സർക്കാർ അവധി അനുവദിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ